ന്നതാണ് നല്ലതെന്നും ഇലക്ട്രിസിറ്റി ബോർഡിന്റെ രൂപത്തിൽ വന്നാൽ അത് ജനങ്ങൾക്ക് താങ്ങാനാകാത്ത ഭാരമാകുമെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ രണ്ട് അഭിപ്രായവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഇനി എത്രകാലം വേണം ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇനി കൊല്ലങ്ങൾ വേണ്ടിവരില്ല.

ശ്രീ. പി. ബാലൻ: മൂന്നുകൊല്ലം സമയമെടുത്തുവെന്ന് പറഞ്ഞു, മദ്ധിരാശിയിലെ മാതിരി വേണമോ കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിലെ മാതിരി വേണമോ എന്ന് ആലോചിക്കാൻ. ഇതെപ്പറ്റി തീരുമാനമെടുക്കുന്നതിന് ഇനി എത്രകാലം വേണ്ടിവരും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏത് വേണമെന്നാണ് തീരുമാനിക്കേണ്ടത്. അത് ആലോചിക്കാതെ തീരുമാനിക്കാനൊക്കുകയില്ല. ഏതാനും ആഴ്ചകൾക്കകം തീരുമാനമാക്കും.

ഫിഷറീസ് കോർപ്പറേഷൻ

* 795 [864] ശ്രീ. കെ. പി. നൂറുദ്ദീൻ:
,, സി. പി. ഗോവിന്ദൻ നമ്പ്യാർ:
,, കെ. പി. വിശ്വനാഥൻ:
,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് കോർപ്പറേഷന് ഇതുവരെയും ലാഭമോ/നഷ്ടമോ എത്ര;

(ബി) നഷ്ടമാണെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഈ സ്ഥാപനം ലാഭകരമായി നടത്താൻ എന്തെല്ലാം പദ്ധതികൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 31-3-1978 വരെ മൊത്തം 564.86 ലക്ഷം രൂപ നഷ്ടം.

(ബി) ലാഭകരമല്ലാത്തവിധത്തിൽ പ്രവർത്തിച്ചിരുന്ന 5 ബോട്ട് ബിൽഡിംഗ് യാഡുകളും 7 ഐസ് പ്ലാന്റുകളും മൂലവും ഫീസിംഗ് പ്ലാന്റ് സിന്റെ ആവശ്യത്തിന് പ്രവർത്തന മൂലധനം ലഭ്യമല്ലാതിരുന്നതും കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ട്രോളറുകൾക്ക് ലാഭകരമായ തോതിൽ മൽസ്യം ലഭിക്കാതിരുന്നതും ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് കുറഞ്ഞ വിലയ്ക്ക് ചെറിയ മൽസ്യങ്ങൾ ലഭ്യമല്ലാതിരുന്നതുമാണ് നഷ്ടത്തിനുള്ള മുഖ്യകാരണങ്ങൾ.

(സി) കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ ഘടകങ്ങളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുഴ്സീൻ മൽസ്യബന്ധനപദ്ധതി, ക്യാൻ ചെയ്ത മൽസ്യ

LIBRARY ARCHIVES Kerala Legislative Assembly

വിഭവങ്ങൾ കയറ്റി അയയ്ക്കുക, നൈലോൺ നെറ്റ് ഫാക്ടറി വിപുലപ്പെടുത്തുക, ആഭ്യന്തര മൽസ്യവിപണനം വികസിപ്പിക്കുക, ഒരു അല്യൂമിനിയം ക്യാൻ ഫാക്ടറി സ്ഥാപിക്കുക, ആഴക്കടൽ മൽസ്യബന്ധനത്തിന് വിദേശരാജ്യങ്ങളുമായി ചേർന്ന് പുതിയ പദ്ധതികൾ രൂപീകരിക്കുക എന്നിവ പ്രവർത്തനക്ഷമമായി വരുന്നുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഫിഷറീസ് കോർപ്പറേഷൻ മുഖേന ഏതെല്ലാം വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്; മൽസ്യത്തൊഴിലാളികൾക്ക് കോർപ്പറേഷൻ മുഖേന എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്; ഇതിനാവശ്യമായ സാമ്പത്തിക ശേഷി ഗവൺമെൻറ് എവിടെനിന്നാണ് സംഭരിച്ചിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അഞ്ച് പ്രീസിംഗ് പ്ലാൻറ് നടത്തുന്നുണ്ട്. ഒരു നൈലോൺ നെറ്റ് ഫാക്ടറി നടത്തുന്നുണ്ട്. ഫിഷ് മീൽ ഫാക്ടറി നടത്തുന്നുണ്ട്. നാല് ട്രോളറുകൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണ മൽസ്യത്തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ടുള്ളതല്ല ഈ കോർപ്പറേഷൻ.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഫിഷറീസ് കോർപ്പറേഷൻ നഷ്ടത്തിലാണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് ലാഭകരമായി നടത്തുന്നതിനുള്ള വല്ല പരിപാടിയുമുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണ്?

ശ്രീ. പി. കെ. വാസുദേവൻനായർ: അതെപ്പറ്റി 'ബി' യുടെ ഉത്തരത്തിൽ പറഞ്ഞു.

ശ്രീ. എൻ. പി. മൊയ്തീൻ: ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ബേപ്പൂരിലെ കോമ്പൗണ്ട് സ്റ്റോറേജ് നിസ്സഹായാവസ്ഥയിലാണ്, അതിൻറെ പ്രവർത്തനം ഒട്ടുംതന്നെ നടക്കുന്നില്ല. അതിൻറെ പ്രവർത്തനം നടത്താൻ വല്ല പരിപാടിയുമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ കഴിയുകയുള്ളൂ. ഏതായാലും അത് പ്രവർത്തനക്ഷമമാക്കണമെന്നാണ് ഗവൺമെൻറിൻറെ ഉദ്ദേശം.

ശ്രീ. പി. കരുണാകരൻ: 1978 വരെ 564 ലക്ഷത്തിലധികം രൂപ നഷ്ടമാണെന്നു പറഞ്ഞു. വർഷംതോറും നഷ്ടം ഇങ്ങനെ കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കോർപ്പറേഷൻ പിരിച്ചുവിടാൻ ഉദ്ദേശമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നഷ്ടം കുറഞ്ഞുവരുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ അനുഭവം. അതുകൊണ്ട് പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: എല്ലാറ്റിനും നഷ്ടമാണെന്നാണോ കണക്കാക്കേണ്ടത്; മൽസ്യം പിടിക്കുന്നതിലാണോ, അല്ലെങ്കിൽ കോമ്പൗണ്ട് സ്റ്റോറേജിൻറെ പ്രവർത്തനത്തിലാണോ, ഏതിലാണ് കൂടുതൽ നഷ്ടം എന്നുള്ളത് കണക്കാക്കി ഇനിയെങ്കിലും ഈ പുതിയ ബാദ്ധ്യത ഇല്ലാതാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കോർപ്പറേഷൻ നഷ്ടത്തിലായതുകൊണ്ട് പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞത് പത്രത്തിൽ വന്നതാണ്. അതേ സംബന്ധിച്ച് ഗവൺമെൻറ് അവസാനമായി വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും അത് ലാഭകരമായിവരുന്നതുകൊണ്ട് തൽക്കാലം പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നില്ല. ലാഭകരമായിട്ടാണ് സംഗതികൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: കോർപ്പറേഷൻ ഇപ്പോൾ ലാഭകരമാണെന്നാണ് പറയുന്നത്. 564 ലക്ഷം രൂപ ഇതുവരെ നഷ്ടമുണ്ടെന്നും പറഞ്ഞു. ഏതെല്ലാം കാലഘട്ടത്തിൽ എത്രയാണ് ലാഭം, ഇതിന്റെ മൂലധനം എത്രയാണെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിൽ ഇപ്പോൾ ലാഭമുണ്ടായിട്ടില്ല. നഷ്ടം കുറഞ്ഞുവരികയാണ്. 564.86 ലക്ഷം രൂപ 1978 വരെ നഷ്ടമാണ്. അതിനുശേഷം ആദായത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഫിഷറീസ് കോർപ്പറേഷന്റെ പെയിഡപ്പ് ക്യാപ്പിറൽ 1,43,95,400 രൂപയാണ്.

ശ്രീ. കെ. ജെ. ചാക്കോ: ഫിഷറീസ് കോർപ്പറേഷന്റെ ബോട്ടുകൾ ഓടാതിരിക്കുകയും ബോട്ടുബിൽഡിംഗ് യാഡുകൾ പ്രവർത്തനം തുടരാതിരിക്കുകയും അതുപോലെതന്നെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം അതാതു മാസം ഒന്നാംതീയതിതന്നെ മണിയോർഡർ അയച്ചുകൊടുക്കുകയും ചെയ്യുന്നതുകൊണ്ടല്ലേ ഈ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ശരിയല്ല. വാസ്തവത്തിൽ ആദായകരമല്ലാത്ത ബോട്ട് ബിൽഡിംഗ് യാഡുകൾ നിറുത്തിയിട്ടുണ്ട്. നാലു മെക്സിക്കൻ ട്രോളറുകൾ മദിരാശി തീരത്തു മീൻപിടിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എ. പരമൻ: തുടർച്ചയായി നഷ്ടത്തിൽ നടത്തിയിരുന്ന കാലത്തുണ്ടായിരുന്ന ഒരു സെറ്റു പരിപാടിക്കുപകരം വേറൊരു സെറ്റു പരിപാടി അംഗീകരിച്ചിരിക്കുന്നു എന്നുള്ളതു മാത്രമാണ്. ഈ പുതിയ സെറ്റു പരിപാടി വിജയം കൈവരുത്തുന്നതിന് ആവശ്യമായ ഇൻഹരൻറ് അഡ്വാൻറേജ് എന്താണെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരിശോധിച്ചിട്ടുണ്ട്. പുതിയ പരിപാടികൾ ഇതൊക്കെയാണ്. അഞ്ച് ഫ്രീസിംഗ് പ്ലാൻറ്, ഒരു നൈലോൺ നെറ്റുഫാക്ടറി, ഒരു ഫിഷ്മീൽപ്ലാൻറ്, നാലു മെക്സിക്കൻ ട്രോളറുകൾ ഇവ നടത്തിക്കൊണ്ടുപോകുന്നതുകൊണ്ട് ആദായം ഉണ്ടാക്കാമെന്നാണ് കരുതുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഫിഷറീസ് കോർപ്പറേഷന് ഇത്രയും നഷ്ടംവരുത്തുന്നതിന് ഇടയാക്കിയ മാനേജുമെൻറിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കാനും അന്വേഷിക്കാനും വേണ്ടിവന്നാൽ മാനേജുമെൻറ് വിഭാഗത്തിൽ ആവശ്യമായ മാറ്റം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചും ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മാനേജുമെൻറിന്റെ ദോഷം കൊണ്ടുണ്ടായ നഷ്ടമല്ല. നഷ്ടകരമായി ഡിപ്പാർട്ടുമെൻറ് നടത്തിക്കൊണ്ടിരുന്ന പല സ്ഥാപനങ്ങളും കോർപ്പറേഷന് ഏൽപ്പിച്ചുകൊടുത്തു. അതുകൊണ്ടാണ് ഇത്രയധികം നഷ്ടം വന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: ഫിഷറീസ് കോർപ്പറേഷന്റെ ഫ്രീസിംഗ് പ്ലാൻറ് സ്വകാര്യവ്യക്തികൾക്ക് വാടകയ്ക്ക് കൊടുക്കുന്ന സമ്പ്രദായമുണ്ടോ? അതുപോലെതന്നെ ഇതിൽനിന്ന് പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുവെന്നും പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന്റെ കൃത്യമായ കണക്ക് ഇപ്പോഴെന്റെ കൈവശമില്ല.

ശ്രീ. പി. സിറിയക്ക് ജോൺ: ഫിഷറീസ് കോർപ്പറേഷൻ മൽസ്യത്തൊഴിലാളികൾക്ക് ബോട്ടുകൾ വിതരണം നടത്താറുണ്ടോ? അങ്ങനെ വിതരണം നടത്തുന്നതിന്റെ മാനദണ്ഡം എന്താണ്? ഈ വിതരണത്തിൽ പക്ഷപാതം കാണിക്കുന്നുണ്ടെന്ന ആക്ഷേപം കിട്ടിയിട്ടുണ്ടോ? അതേ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കോർപ്പറേഷൻ പ്രത്യേകമായി ബോട്ട് വിതരണം നടത്തുന്നില്ല. അത് നടത്താത്തതുകൊണ്ട് പക്ഷപാതവും കാണിക്കുന്നില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: ഇതിന്റെ മൂലധനം എത്രയാണെന്ന് പറഞ്ഞത് കേട്ടില്ല. അത് ഒരിക്കൽകൂടി പറയുമോ? 564 ലക്ഷം രൂപ ഇതിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഇതിന്റെ മൂലധനം ഉണ്ടാക്കിയെടുക്കാൻ ഇനി എത്ര കൊല്ലം വേണ്ടിവരും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത്ര വലിയ നഷ്ടമുണ്ടായത് അതിന്റെ തേയ്മാനം, ലോണിന് പലിശ നൽകൽ മുതലായവ കൊണ്ടാണ്. ഇതിന്റെ പെയിഡപ്പ് ക്യാപ്പിറൽ 1,43,95,400 രൂപയാണ്. ഷെയർ ക്യാപ്പിറൽ കോൺട്രിബ്യൂഷൻ യെറ്റ് റ്റു ബി അലോട്ടഡ് 16,26,000 രൂപയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: നഷ്ടമുള്ള ചില ബിസിനസ് കോർപ്പറേഷനെ ഏൽപ്പിച്ചതുകൊണ്ടാണ് കൂടുതൽ നഷ്ടമുണ്ടായതെന്ന് പറഞ്ഞു. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കോർപ്പറേഷനിൽനിന്ന് പിൻവലിച്ച് ഗവൺമെൻറ് ഏറെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചില ബോട്ട് ബിൽഡിംഗ യാഡുകൾ നിറുത്തിക്കഴിഞ്ഞു. ഇപ്പോൾ നഷ്ടം കുറഞ്ഞുവരികയാണ്.

കാർഷിക സർവ്വകലാശാലയുടെ ആറാം പദ്ധതി

*793 [865] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ആറാം പദ്ധതി ഗവൺമെൻറിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly